പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1809 | 04.10.2016 ൽ മറുപടിയ്ക്ക്

## പെരുന്തേനരുവി, മണിയാർ ടൂറിസം പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ രാജു എബ്രഹാം : | ശ്രീ എ.സി മൊയ്തീൻ (സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി) |
| (എ) റാന്നി കേന്ദ്രീകരിച്ച് ആവിഷ്കരിച്ച പെരുന്തേനരുവി, മണിയാർ ടൂറിസം പദ്ധതികളുടെ നിർമ്മാണം എവിടം വരെയായി എന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ; | (എ) റാന്നി നിയോജക മണ്ഡലത്തിലെ പെരുന്തേനരുവി പദ്ധതിയുടെ ഒന്നും രണ്ടും ഘട്ട നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിച്ചു. ഇതിൽ 4 കോട്ടേജുകൾ, ഫെസിലിറ്റേഷൻ സെന്റർ, ലൈറ്റിംഗ്, ടോയിലറ്റ്, റസ്റ്റോറന്റ്, പാർക്കിംഗ്, നടപ്പാത, ലാന്റ് സ്കേപ്പിംഗ്, വൈദ്യുതി-ജല സംവിധാനങ്ങളും ഉൾപ്പെടുന്നു. മണിയാർ ടൂറിസം പദ്ധതിയുടെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ ഭാഗികമായി പൂർത്തീകരിച്ചു. ഇതിൽ ലാന്റ് സ്കേപ്പ്, ടോയിലറ്റ് ബ്ലോക്ക്, പവലിയൻ എന്നീ ഘടകങ്ങൾ ഉൾപ്പെടുന്നു. |

| | | | |
|---|---|---|---|
| (ബി) | എന്തൊക്കെ പദ്ധതികളാണ് പെരുന്തേനരുവി ടൂറിസം പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്; ഇതിന്റെ ആദ്യ ഘട്ട നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കിയോ; എന്തൊക്കെ പ്രവൃത്തികളാണ് പൂർത്തിയായത്; ഇനി എന്തൊക്കെ പ്രവൃത്തികളാണ് പൂർത്തീകരിക്കാനുള്ളത്; നിർമ്മാണം വൈകാനുള്ള കാരണം വ്യക്തമാക്കാമോ; രണ്ടാം ഘട്ട പ്രവൃത്തികൾക്കായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; എന്തൊക്കെ പ്രവൃത്തികൾ ഇതിൽ ഉൾപ്പെടും; നിർമ്മാണം ആരംഭിച്ചോ; എന്തെങ്കിലും തടസ്സമുണ്ടോ; | (ബി) | പെരുന്തേനരുവി ടൂറിസം പദ്ധതിയിൽ ഒന്നും, രണ്ടും ഘട്ടമായി 4 കോട്ടേജുകൾ, ഫെസിലിറ്റേഷൻ സെന്റർ, ലൈറ്റിംഗ്, ടോയിലറ്റ്, റസ്റ്റോറന്റ്, പാർക്കിംഗ്, നടപ്പാത, ലാന്റ് സ്കേപ്പിംഗ്, വൈദ്യുതി-ജല സംവിധാനങ്ങൾ എന്നിവയാണ് ഉൾപ്പെടുന്നത്. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എല്ലാം പൂർത്തീകരിച്ചു. സർക്കാർ സ്ഥാപനമായ സിഡ്കോ വഴിയാണ് ഇതിന്റെ നിർമ്മാണം നടത്തിയത്. ഒന്നാം ഘട്ടത്തിനായി 97,12,800/-രൂപയും, രണ്ടാം ഘട്ടത്തിനായി 75,85,000/ രൂപയുമാണ് അനുവദിച്ചിട്ടുള്ളത്. |
| (സി) | മണിയാർ ടൂറിസം പദ്ധതിയിൽ എന്തൊക്കെയാണ് വിഭാവനം ചെയ്തിരിക്കുന്നത്; ഒന്നാം ഘട്ടത്തിൽ എത്ര രൂപയാണ് അനുവദിച്ചത്; എന്തൊക്കെ പ്രവൃത്തികൾ പൂർത്തിയാക്കി; ഇനി ഒന്നാം ഘട്ടത്തിൽ എന്തൊക്കെ പ്രവൃത്തികളാണ് പൂർത്തിയാക്കാനുള്ളത്; പദ്ധതിയുടെ രണ്ടാംഘട്ട പ്രവൃത്തികൾക്ക് എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളത്; എന്തൊക്കെ | (സി) | മണിയാർ ടൂറിസം പദ്ധതിക്കായി ഡിറ്റിപിസി കോണ്ടൂർ സർവ്വേ നടത്തി 4,25,00,000/ രൂപയുടെ പദ്ധതി നൽകുകയുണ്ടായി. ഇതിൽ ലാന്റ് സ്കേപ്പിംഗ്, പാർക്കിംഗ് യാർഡ്, പവലിയൻ, സൈനേജ്, ബോട്ടിംഗ് യാർഡ് നവീകരണം, നടപ്പാത, ഫുഡ് കോർട്ട്, ആംഫി തീയേറ്റർ, ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്റർ, ബാരേജ് നവീകരണം, ക്വാർട്ടേഴ്സിന്റെ |

| | |
|---|---|
| പ്രവൃത്തികളാണ് ഇതിൽ വിഭാവനം ചെയ്തിരിക്കുന്നത്? | ലാന്റസ് സ്കേപ്പ്, സസ്പെൻഷൻ ബ്രിഡ്ജ്, എൻട്രൻസ് ഗേറ്റ്, ടോയിലറ്റ്, ബീച്ച്, കുട്ടികളുടെ കളിസ്ഥലം, യൂട്ടിലിറ്റി ഷോപ്പ്, അക്വേറിയം തുടങ്ങിയവ ഉൾപ്പെടുന്നു. ഇതിനായി സർക്കാർ 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്<br>മണിയാർ ടൂറിസം പദ്ധതിയുടെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങളിൽ ലാന്റ് സ്കേപ്പ്, ടോയിലറ്റ് ബ്ലോക്ക്, പവലിയൻ എന്നിവ പൂർത്തീകരിച്ചു. വൈദ്യുതി-ജല സംവിധാനങ്ങൾ, പെയിന്റിംഗ് എന്നിവ പൂർത്തീകരിക്കേണ്ടതുണ്ട്<br>മണിയാർ ടൂറിസം പദ്ധതിയുടെ അടുത്തഘട്ടത്തിലേക്ക് 38.45/- കോടി രൂപയുടെ ഒരു പദ്ധതി കെൽ തയ്യാറാക്കിയിട്ടുണ്ട് . പ്രസ്തുത പദ്ധതി സംബന്ധിച്ച രൂപരേഖ പരിശോധിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ